കേരള നിയമസഭാ നടപടികൾ

ഏഴാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

1985 ജൂലായ് 26, വെള്ളി

വല്യം LXIV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 17

നിയമസഭ 1985 ജൂലായ് 26-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേമ്പറിൽ കൂടി.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രായ്ക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

തിരുവനന്തപുരം റബ്ബർ വർക്സിന്റെ ഭരണച്ചുമതല

* 312. [371] ശ്രീ. ആർ.എസ്. ഉണ്ണി :

,, കെ.കെ. ബാലകൃഷ്ണൻ :

,, എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം റബ്ബർ വർക്സിന്റെ ഭരണച്ചുമതല കെ. എസ്. ആർ.ടി.സി. ഏറ്റെടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നാണ് ഏറ്റെടുത്തത് ;

(സി) അവിടെ ഇപ്പോൾ നടക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം ;

(ഡി) തിരുവനന്തപുരം റബ്ബർ വർക്സിന്റെ അടിയന്തിര പ്രവർത്തനത്തിന് ഗവൺമെന്റ് വായ്പ നൽകാമെന്നു സമ്മതിച്ചിരുന്നോ ;

(ഇ) എങ്കിൽ എത്ര രൂപ ;

(എഫ്) ആ വായ്പ ഗവൺമെന്റ് നൽകിയോ ; നൽകിയില്ലെങ്കിൽ നൽകാത്തതിന്റെ കാരണമെന്ത് ;

(ജി) അത് എന്നത്തേക്ക് നൽകാൻ സാധിക്കും ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) :

(എ) ഉണ്ട്.

(ബി) 25-7-1985-ൽ.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇവിടെ ഇപ്പോൾ ട്രെഡ് റബ്ബർ, ക്യാമൽ ബാക്ക്, കുഷൻഗം, ടയർ ഫ്ളാപ്പ്, ട്രെഡ് ഗം, ടയർ, റിട്രിഡിംഗിനുള്ള ഉൽപ്പന്നങ്ങൾ എന്നിവ ഉണ്ടാക്കുന്നതിനു പുറമേ റബ്ബർ ബാരൈസ്ഡ് ക്ലോത്ത്, ഫോം റബ്ബർ ഷീറ്റ്, കുഷൻസ് തുടങ്ങിയവയും കെ.എസ്.ആർ.ടി.സി.ക്കു വേണ്ടി ബസ്സ് ബോഡികളും ഉണ്ടാക്കുന്നു. ഇലക്ട്രോപ്ലേറ്റിംഗ് ജോലികളും ഇവിടെ നടക്കുന്നു.

(ഡി., ഇ., എഫ്., ജി.) 1985-86-ൽ ബഡ്ജറ്റിൽ 150 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. ആദ്യഗഡുവായി 30 ലക്ഷം രൂപ 12-7-1985-ൽ നൽകി.

ശ്രീ. ആർ. എസ്. ഉണ്ണി: തിരുവനന്തപുരം റബ്ബർ വർക്സ് ഗവൺമെന്റിനു എത്ര രൂപ കൊടുത്തുതീർക്കാനുണ്ട് ? ആ ലയബിലിറ്റി തുക മൂലധനമായ്പയാക്കി മൂലധനഘടനയിൽ ഒരു മാറ്റം വരുത്താനും ഒരു ക്രഡിറ്റ് ലവൽ ഈ കമ്പനിക്കുണ്ടാക്കാനുമുള്ള ഏർപ്പാടുണ്ടാക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ: തിരുവനന്തപുരം റബ്ബർ വർക്സ് 1964 മുതൽ ലിമിറ്റഡ് കമ്പനിയായി പ്രവർത്തിച്ചുവരുന്നു. പ്രവർത്തന മൂലധനം 213.62 ലക്ഷം രൂപയായിരുന്നു. ഈ കമ്പനിക്ക് 31-3-1985 വരെയുള്ള നഷ്ടം 875 ലക്ഷം രൂപയാണ്. ഇതു കാര്യക്ഷമമായി പ്രവർത്തിപ്പിക്കണമെന്ന താൽപ്പര്യം കൊണ്ടാണ് ഇങ്ങനെ ഏർപ്പെടുത്തിയത്. ഇതിനെക്കുറിച്ചു പരിശോധിക്കാം.

ശ്രീ. ആർ.എസ്. ഉണ്ണി: വിദേശരാജ്യങ്ങളിലെ സാങ്കേതിക വൈദഗ്ദ്ധ്യമുള്ള കമ്പനികളും ഇൻഡ്യയിലെ ആട്ടോമോബൈൽ കമ്പനികളും തമ്മിൽ സാങ്കേതിക സഹകരണത്തോടുകൂടി പുതിയ പലയിനം കാറുകളും ട്രക്കുകളും ഉൽപ്പാദിപ്പിക്കാൻ തുടങ്ങിയിട്ടുണ്ട്. റബ്ബർ ഇനത്തിൽ തന്നെയുള്ള ധാരാളം സ്പെയർ പാർട്ടുകളും ഈ കമ്പനികൾക്ക് ആവശ്യമുണ്ട്. ഇന്നു ഉൽപ്പാദിപ്പിക്കുന്ന ഇനങ്ങൾക്കു പുറമേ ഈ കമ്പനികൾക്കാവശ്യമായിട്ടുള്ള റബ്ബർ സ്പെയർ പാർട്ടുകൾകൂടി ഉൽപ്പാദിപ്പിച്ചു നൽകുന്നതിന് ആലോചിക്കുമോ ; ഇങ്ങനെ ഡൈവേഴ്സിഫിക്കേഷൻ നടത്തിയാൽ കമ്പനിക്ക് കൂടുതൽ സാമ്പത്തികഭദ്രതയുണ്ടാകാൻ സാദ്ധ്യതയുണ്ട്. ഇതിനു നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ: ഇന്നുള്ള സാമ്പത്തിക പരാധീനത മെമ്പർക്ക് അറിയാവുന്നതാണ്. സാമ്പത്തികമായി അനുകൂലസാഹചര്യം വരുമ്പോൾ അതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

ശ്രീ. കെ.കെ. ബാലകൃഷ്ണൻ: കെ.എസ്.ആർ.ടി.സി. റബ്ബർ വർക്സ് ഏറ്റെടുക്കുന്നതിനുമുമ്പ് അവിടെ ജോലിചെയ്തിരുന്ന 400-ൽ പരം തൊഴിലാളികൾക്ക് 6 മാസത്തെ ശമ്പളം കിട്ടാനുണ്ടായിരുന്നു. ഈ 6 മാസത്തെ ശമ്പളം കെ. എസ്. ആർ. ടി. സി. കൊടുക്കുമോ ; കൊടുക്കണമെന്നു വല്ല നിബന്ധനയുമുണ്ടോ ; അവർക്കു ശമ്പളം കൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ: റിലീഫ് അണ്ടർടേക്കിംഗ് പ്രഖ്യാപിക്കുക എന്നു പറയുമ്പോൾ മരവിപ്പിക്കുക എന്നാണർത്ഥം. കെ.എസ്.ആർ.ടി.സി. ഏറ്റെടുത്തശേഷം ബോണസ് കൊടുക്കുകയും അന്നുമുതലുള്ള ശമ്പളം തുടർന്നുകൊടുത്തുകൊണ്ടിരിക്കുകയുമാണ്. ഇതിനുവേണ്ടി ബഡ്ജറ്റിൽ

LIBRARY ARCHIVES Kerala Legislative Assembly

ളംക്കൊള്ളിച്ച 150 ലക്ഷം രൂപയിൽ 30 ലക്ഷം രൂപയേ കിട്ടിയിട്ടുള്ളു. മുഴുവൻ തുകയും കിട്ടുന്നതോടൊപ്പം തന്നെ പാവപ്പെട്ട തൊഴിലാളികൾക്ക് അവരുടെ മുൻകാല ശമ്പളം നൽകുന്ന കാര്യം ആലോചിക്കുന്നതാണ്.

ശ്രീ. കെ.കെ. ബാലകൃഷ്ണൻ : ഈ സ്ഥാപനം കെ.എസ്.ആർ.ടി.സി. ഏറ്റെടുത്തപ്പോൾ തന്നെ ബസ്സുകൾക്ക് ബോഡി ബിൽഡ് ചെയ്യാനുള്ള ഒരു സ്ഥാപനമാക്കി ഇതു മാറ്റണമെന്നുള്ള ഉദ്ദേശം ഉണ്ടായിരുന്നു എന്നറിഞ്ഞു. കെ.എസ്.ആർ.ടി.സി.ക്ക് ആവശ്യമായ ബസ് ബോഡി ബിൽഡ് ചെയ്യാൻ പുറമേ കൊടുക്കാതെ റബ്ബർ വർക്സിൽ തന്നെ ചെയ്യത്തക്കവിധം ഇതിന്റെ പ്രവർത്തനം വിപുലമാക്കാൻ ഉദ്ദേശമുണ്ടോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ 5 ബസ്സുകളുടെ ബോഡി ഇതിനകം ഇവിടെ നിർമ്മിച്ചു കഴിഞ്ഞു. 5 ബസ്സുകളുടെ ബോഡി ഇപ്പോൾ നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. ഒരുവർഷം 100 ബസ്സുകളുടെ ബോഡി നിർമ്മിക്കുന്നതിനുള്ള ഏർപ്പാട് ഡിപ്പാർട്ടുമെന്റ് ചെയ്തുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ഞാൻ ചോദിച്ചത് കെ. എസ്. ആർ. ടി. സി. ക്ക് ആവശ്യമായ ബസ്സുകളുടെ ബോഡി ബിൽഡ് ചെയ്യാൻ സാധിക്കത്തക്ക വിധത്തിൽ റബ്ബർ വർക്സിന്റെ പ്രവർത്തനം വിപുലപ്പെടുത്താൻ തയ്യാറാകുമോ എന്നാണ് ?

ശ്രീ. എൻ. സുന്ദരൻ നാടാർ : വിപുലപ്പെടുത്തുന്നതാണ്.

ശ്രീ. എ. വി. താമരാക്ഷൻ : തിരുവനന്തപുരം റബ്ബർ വർക്സ് കെ. എസ്. ആർ. ടി. സി. ഏറ്റെടുത്തപ്പോൾ ഇതിന്റെ പ്രവർത്തനം കാര്യക്ഷമമായി നടത്തിക്കൊണ്ടുപോകുന്നതിന് എത്ര കോടി രൂപ ഉടനടി ചെലവഴിക്കേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത് ? ഈ സാമ്പത്തിക വർഷം അതിൽ എത്ര കോടി രൂപ കൊടുക്കുന്നതാണ് ?

ശ്രീ. എൻ. സുന്ദരൻ നാടാർ : കെ.എസ്.ആർ.ടി.സി. ഈ സ്ഥാപനം ഏറ്റെടുക്കേണ്ടിവന്ന സാഹചര്യം വിശദീകരിച്ചു കഴിഞ്ഞു. കെ.എസ്.ആർ.ടി.സി.ക്ക് ആവശ്യമുള്ള സാധനം അവിടെ നിന്നു ഉൽപ്പാദിപ്പിക്കാം എന്നുള്ള ആഗ്രഹത്തോടുകൂടിയാണ് ഏറ്റെടുത്തത്. അതിനുവേണ്ടി 157 ലക്ഷം രൂപ അഡ്വാൻസ് നൽകി. അവിടെ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങളെല്ലാം കെ.എസ്.ആർ.ടി.സി. ഏറ്റെടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. എ.വി. താമരാക്ഷൻ : എന്റെ ചോദ്യം അതല്ല. 460 ലക്ഷത്തിന്റെ ഈ വ്യവസായസ്ഥാപനം ഇപ്പോൾ തൊഴിലാളികൾക്ക് പണിയില്ലാതെ ചുമ്മാ ഇട്ടിരിക്കുകയാണ്. കെ എസ്. ആർ. ടി. സി. ക്ക് ആവശ്യമായ മുഴുവൻ ട്രെഡ് റബ്ബറും മാനുഫാക്ചർ ചെയ്യുന്നത് റബ്ബർ വർക്സായിരുന്നു. റാമെറ്റീരിയൽസ് ഇല്ലാത്തതിന്റെ ഫലമായി അതൊന്നും ഇപ്പോൾ ഉൽപ്പാദിപ്പിക്കുന്നില്ല. തൊഴിലാളികൾ ചുമ്മായിരിക്കുന്നു. അതേസമയം കെ.എസ്.ആർ.ടി.സി. സഹകാര്യവ്യവസായസ്ഥാപനങ്ങളിൽ നിന്നും ട്രെഡ് റബ്ബർ വാങ്ങുകയും ചെയ്യുന്നു. റബ്ബർ വർക്സ് ഏറ്റെടുത്തപ്പോൾ അവിടത്തെ മുഴുവൻ തൊഴിലാളികൾക്കും പണി കൊടുക്കത്തക്കവിധം കെ.എസ്.ആർ.ടി.സി.ക്ക് ആവശ്യമായ എല്ലാ ഉൽപ്പന്നങ്ങളും ഉൽപ്പാദിപ്പിക്കുവാൻ കഴിയുന്ന നിലയിൽ അതു പുനരുജ്ജീവിപ്പിക്കുവാൻ എത്ര കോടി രൂപ വേണ്ടിവരുമെന്നു കണക്കാക്കിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. സുന്ദരൻ നാടാർ : അവിടെ ഇപ്പോഴും മുഴുവൻ തൊഴിലാളികൾക്കും തൊഴിൽ കൊടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. മുഴുവൻ തൊഴിലാളികൾക്കും തൊഴിൽ കൊടുക്കുന്നതിനുള്ള ഏർപ്പാടുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന് എത്ര കോടി രൂപ വേണ്ടിവരുമെന്ന കണക്ക് തിട്ടപ്പെടുത്തിയിട്ടില്ല.

ശ്രീ. എ. വി. താമരാക്ഷൻ : എത്ര ജോലിക്കാർ അവിടെയുണ്ട് ?

ശ്രീ. എൻ. സുന്ദരൻ നാടാർ : മൊത്തം 460 ജോലിക്കാരാണ് അവിടെ ഉള്ളത്. ഇപ്പോഴത്തന്നെ 200 പേർക്ക് ജോലി കൊടുക്കുന്നതിനുള്ള എല്ലാ സംവിധാനവും ഉണ്ടാക്കിയിട്ടുണ്ട്. മറ്റുള്ള സ്ഥാപനങ്ങളെപ്പോലെ ലേഓഫ് ഒന്നും നടത്തിയിട്ടില്ല.

ശ്രീ. വി. ജെ. തങ്കപ്പൻ : കെ. എസ്. ആർ. ടി. സി. ക്കു വേണ്ടി 5 ബസ്സുകൾക്ക് ബോഡി നിർമ്മിച്ചു കഴിഞ്ഞെന്നും 5 ബസ്സുകൾക്ക് ബോഡി നിർമ്മിച്ചുകൊണ്ടിരിക്കുന്നെന്നും ഒരു വർഷം 100 ബസ്സുകൾക്ക് ബോഡി നിർമ്മിക്കാൻ ഉദ്ദേശമുണ്ടെന്നും പറഞ്ഞു. പുറത്തു പ്രൈവറ്റ് കമ്പനികളിൽ കൊടുത്ത് ബോഡി ചെയ്യിക്കുന്നതിനേക്കാൾ ലാഭകരമല്ലേ ഇവിടെ ചെയ്യിക്കുന്നത്. ഇതൊന്നു വിശദീകരിക്കാമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : കെ. എസ്. ആർ. ടി. സി. ബസ്സുകൾക്ക് ബോഡി ഇവിടെ നിർമ്മിക്കുന്നത് അടുത്തകാലത്ത് നടപ്പിലാക്കിയ സംവിധാനമാണ്. ലോൺ എടുത്തു ഈ പദ്ധതി നടപ്പിലാക്കുമ്പോൾ വലിയ പലിശ കെ.എസ്. ആർ.ടി.സി. സഹിക്കേണ്ടിവരും. അവിടെ മുഴുവൻ ബസ്സ് ബോഡികളും ഉണ്ടാക്കുന്നതിനുള്ള സംവിധാനം ഇല്ലാത്തതുകൊണ്ടാണ് പ്രൈവറ്റ് കമ്പനികളിൽ കൊടുക്കുന്നത്. ഇതു ഏറെടുത്തപ്പോൾ മാസംതോറും 12 ബസ്സുകൾ നിർമ്മിക്കാനുള്ള പ്ലാനാണ് ഉണ്ടായിരുന്നത്. ഇപ്പോൾ വർഷത്തിൽ 100 ബസ്സുകൾ നിർമ്മിച്ച് പുറത്തിറക്കും. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ തിരുവനന്തപുരം റബ്ബർ വർക്സിലെ മുഴുവൻ യൂണിറ്റും വർക്ഷോപ്പും കൂടിയാകുമ്പോൾ ബസ് ബോഡി നിർമ്മിക്കാൻ പുറത്തുകൊടുക്കേണ്ടിവരില്ല.

ശ്രീ. ഒ. ഭരതൻ : ട്രിവാൻഡ്രം റബ്ബർ വർക്സിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ട്യൂബ് തുടങ്ങിയിട്ടുള്ള സാധനങ്ങൾ മുമ്പ് കെ.എസ്. ആർ ടി.സി.ക്ക് വിതരണം നടത്തിയിരുന്നത് എം. ആർ. എഫ്. കമ്പനിക്കാരാണ്. ഇപ്പോൾ ട്രിവാൻഡ്രം റബ്ബർ വർക്സ് ഉൽപ്പാദിപ്പിക്കപ്പെടുന്ന അത്തരം സാധനങ്ങൾ കെ. എസ്. ആർ. ടി. സി. വാങ്ങാൻ തുടങ്ങിയതിനെ തുടർന്ന് എം.ആർ.എഫ്. കാരുടെ വിൽപ്പന താല്ക്കാലികമായിട്ടു തടയപ്പെട്ടിട്ടുണ്ട്. എം.ആർ.എഫ്. കാർക്ക് ഒരു തടസ്സം ഉണ്ടായതിനെ തുടർന്നാണ് നമ്മുടെ ഫൈനാൻസ് വകുപ്പ് അടച്ചു തീർക്കാനുള്ള നികുതി കുടിശ്ശിക മുഴുവൻ ഉടനെ അടച്ചു തീർക്കണമെന്ന് ആവശ്യപ്പെട്ടത് എന്ന് പറയുന്നത് ശരിയാണോ?

ശ്രീ. എൻ. സുന്ദരൻ നാടാർ : അത് ശരിയല്ല.

ശ്രീ. കെ. കൃഷ്ണൻകുട്ടി : റബ്ബർ വർക്സിലെ തൊഴിലാളികൾക്കു തന്നെ പണിയില്ലാ എന്നു പറയുന്നു. അങ്ങ് അധികാരത്തിൽ വന്നതിനുശേഷം നമ്മുടെ മുഖ്യമന്ത്രിയുടെ മകൻ ജോലിചെയ്യുന്ന ടി. വി. എസ്സിനു എത്ര ബസ്സ് ബോഡികൾ ബിൽഡ് ചെയ്യാൻവേണ്ടി കൊടുത്തിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. സുന്ദരൻ നാടാർ: ഞാൻ ചാർജെടുത്തത് 1983 സെപ്റ്റംബർ ഒന്നാം തീയതിയാണ്. അതിന് മുമ്പും ടി. വി. എസ്സിൽ ബോഡി ബിൽഡ് ചെയ്യാൻ കൊടുത്തിട്ടുണ്ട്. ഇനിമേലാൽ അതുപോലെ കൊടുക്കുന്ന കാര്യങ്ങൾ ആലോചിക്കുന്നതാണ്.

ശ്രീ. എ. സി. ഷൺമുഖദാസ്: 400 പേർ ജോലി ചെയ്തിരുന്ന സ്ഥാപനമാണ്. 150 ലക്ഷം രൂപ കൊടുത്താൽ ഈ 400 പേർക്ക് ജോലിസാദ്ധ്യതയുണ്ടായിരുന്നുവെന്നാണല്ലോ ഗവൺമെന്റ് ആദ്യം ഏറ്റെടുക്കുമ്പോൾ ഉണ്ടായിരുന്ന ധാരണ. ഇപ്പോഴാണെങ്കിൽ മാരുതി, റോവർ, ഫാൽക്കൻ തുടങ്ങിയ വിദേശബന്ധമുള്ള ആട്ടോമൊബൈൽ സാധനങ്ങൾ ഇൻഡ്യയിൽ ധാരാളമായി ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അതിൽ 90 ശതമാനം പാർട്ട്സും പുറമേ നിന്ന് വരുകയാണ്. പത്ത് ശതമാനം മാത്രമാണ് ഇവിടെ ഉൽപ്പാദിപ്പിക്കുന്നത്. അത് മിക്കവാറും റബ്ബറുമായി ബന്ധപ്പെട്ട സാധനങ്ങളാണ്. അങ്ങനെയാണെങ്കിൽ ഇൻഡ്യാ ഗവൺമെന്റ് എടുത്തിട്ടുള്ള നയത്തിന്റെ ഫലമായി തൊഴിൽ സാദ്ധ്യതകൾ ഒന്നും കിട്ടുന്നില്ല. ആകെ കിട്ടാൻ സാദ്ധ്യതയുള്ളത് ഈ പത്തു ശതമാനം ആണെങ്കിൽ ആ സാദ്ധ്യത അന്വേഷിച്ച് കണ്ടെത്തി ഇൻഡ്യയിൽ ഇപ്പോഴുള്ള ഇറക്കുമതി ചെയ്ത പാർട്ട്സ് ഫിറ്റ് ചെയ്തു ഘടിപ്പിക്കുന്ന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് നമ്മുടെ ഫാക്ടറി പൂർണ്ണമായി ഉപയോഗപ്പെടുത്താനുള്ള വല്ല ആലോചനയും നടക്കുന്നുണ്ടോ?

ശ്രീ. എൻ. സുന്ദരൻ നാടാർ: ഇത് വികസിപ്പിക്കുന്നതിനുള്ള ആലോചന നടന്നുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ഇക്കാര്യം പരിഗണിക്കുന്നതാണ്.

ശ്രീ. എ. സി. ഷൺമുഖദാസ്: ഞാൻ പറഞ്ഞത് മനസ്സിലായില്ലായെന്ന് തോന്നുന്നു. ഇൻഡ്യാ ഗവൺമെന്റിന്റെ പുതിയ നയത്തിന്റെ ഫലമായി നമ്മുടെ തൊഴിൽസാദ്ധ്യത നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ആകെയൊരു പെറിയ അംശമേയുള്ളു. ഈ അംശമെങ്കിലും നമുക്ക് ഉപയോഗിക്കാൻ കഴിയുമോ എന്നാണ്.

ശ്രീ. എൻ. സുന്ദരൻ നാടാർ: ട്രിവാൻഡ്രം റബ്ബർ വർക്സ് ഇൻഡ്യാ ഗവൺമെന്റിന്റെ നയത്തിന്റെ ഫലമായി ഒന്നുമല്ല ഈയൊരു സ്ഥിതിയിൽ എത്തിയത്.

ശ്രീ. രാഘവൻ പൊഴക്കടവിൽ: നഷ്ടത്തിൽ നടന്നുവന്ന ഈ റബ്ബർ വർക്സിന്റെ ചുമതല കെ. എസ്. ആർ. ടി. സി. ഏറ്റെടുക്കുന്നതിന് തയ്യാറായത് അതിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ താല്പര്യം പരിരക്ഷിക്കുന്നതിന് വേണ്ടിയായിരുന്നോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ: തീർച്ചയായും.

ശ്രീ. കെ. പങ്കജാക്ഷൻ: സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപ്പറേഷന് ആവശ്യമുള്ള ക്യാമൽ ബാക്ക്, ടയർ നിട്രേഡിങ്ങിനുള്ള സാധനങ്ങൾ, സീറ്റു കവർക്ക് കുഷൻ തുടങ്ങിയുള്ള എല്ലാ ആവശ്യങ്ങൾക്കും റബ്ബർ ഫാക്ടറിയിലെ ഉല്പന്നങ്ങൾ ഉപയോഗിക്കാൻ കഴിയും എന്ന വസ്തുത കണക്കിലെടുത്തുകൊണ്ട് ബഡ്ജറ്റിൽ നീക്കിവച്ച മുഴുവൻ തുകയും കിട്ടിയിട്ടില്ലെങ്കിൽ ആ തുക കിട്ടുന്നതിന് ആവശ്യമായ സമ്മർദ്ദം ഗവൺമെന്റിൽ ചെലുത്തുമോ ; കൂടുതൽ തുക ആവശ്യമാണെങ്കിൽ ഇൻസ്റ്റിട്യൂഷൻ ഓഫ് ഫൈനാൻസിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നും സ്വീകരിക്കുന്നതിന് ആവശ്യമായ നടപടികൾ എടുക്കുന്നതിനെപ്പറ്റി ഗവൺമെൻറ് ആലോചിച്ചിട്ടുണ്ടോ? ഈ സ്ഥാപനം കെ.എസ്.ആർ.റ്റി.സി.യെ ഇന്നത്തെ അതിൻെറ അപകടകരമായ അവസ്ഥയിൽ നിന്നും രക്ഷപ്പെടുത്തുന്നതിന് പ്രയോജനപ്പെടും എന്ന വസ്തുത കണക്കിലെടുത്തിട്ടുണ്ടോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ: ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ള 150 ലക്ഷം രൂപയും നിർബന്ധമായി തരണമെന്ന് വളരെ ശക്തമായി പ്രേരണ ചെലുത്തിക്കൊണ്ടിരിക്കുകയാണ്. അതിനുപുറമേ അതിൻെറ കാര്യക്ഷമമായ പ്രവർത്തനത്തിലേക്കുവേണ്ടി സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും ലോൺ എടുക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. ജെ. ജോർജ്: റീട്രേഡിങ്ങിനുള്ള റബ്ബറുകൾ ഇപ്പോൾ മായം ചേർത്താണ് കമ്പോളത്തിൽ കിട്ടുന്നത്. അതുകൊണ്ട് റബ്ബർ വർക്സിൽ നിന്നും അതിനുവേണ്ട റബ്ബറുകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് ജില്ലാ കേന്ദ്രങ്ങളിൽ ഒരു സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ എന്താണ്?

ശ്രീ. എൻ. സുന്ദരൻ നാടാർ: മുങ്ങിക്കൊണ്ടിരിക്കുന്ന ഈ കപ്പലിനൊന്ന് ജീവൻകൊടുത്തതിനുശേഷം അതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. കെ. ഇ. ഇസ്മയിൽ: തൊഴിലാളികളുടെ താൽപ്പര്യം കൂടി പരിഗണിച്ചുകൊണ്ടാണ് തിരുവനന്തപുരം റബ്ബർ വർക്സ് ഏറ്റെടുത്തതെന്ന് മന്ത്രി പറഞ്ഞല്ലോ. പക്ഷേ അവിടത്തെ തൊഴിലാളികൾക്ക് ഇപ്പോൾ പണി ഇല്ല. ആ സ്ഥാപനത്തിന് 150 ലക്ഷം രൂപ കൊടുക്കാമെന്ന് പറഞ്ഞു. എന്നാൽ 30 ലക്ഷം അല്ലേ കൊടുത്തിട്ടുള്ളൂ. അടിയന്തിരമായി ബാക്കി സംഖ്യ കൂടി കൊടുത്ത് ഈ തൊഴിലാളികൾക്ക് പണി ലഭിക്കുന്നതിനാവശ്യമായ നടപടികൾ എന്തെങ്കിലും സ്വീകരിക്കാമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ: ഞാൻ പറഞ്ഞുകഴിഞ്ഞു. നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. സീതിഹാജി: ബഹുമാനപ്പെട്ട മന്ത്രി ചാർജെടുത്തതിനുശേഷം റബ്ബർ വർക്സിൽ എത്ര ബസ്സുകളുടെ ബോഡി നിർമ്മിച്ചു എന്ന് പറയാമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ: അഞ്ച് ബസിൻെറ ബോഡി പൂർത്തിയാക്കി ഇറക്കിക്കഴിഞ്ഞു. അഞ്ചെണ്ണത്തിൻെറ കൂടി പണി നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. സി. ജോർജ്: ട്രിവാൻഡ്രം റബ്ബർ വർക്സ് പൂട്ടി കിടന്ന ഒരു സ്ഥാപനം എന്ന നിലയിൽ ഏറ്റെടുത്തുകൊണ്ട് കെ. എസ്. ആർ. റ്റി. സി. മുമ്പോട്ടു പോകുമ്പോൾ ആ പരിസരത്ത് കയറാൻപോലും സാദ്ധ്യമല്ലായിരുന്നു. അവിടത്തെ തൊഴിലാളികളാണ് ആ പരിസരം മുഴുവൻ ശുചീകരിച്ച് അതിൻെറ മെയിൻറനൻസ് നടത്തിയത്. ശമ്പളം വാങ്ങിച്ചുകൊണ്ടായിരുന്നില്ല. അങ്ങനെയാണ് തൊഴിലാളികൾ ഈ സ്ഥാപനം പടുത്തുയർത്തിയത്. ആ നിലക്ക് ഗവൺമെൻറിൽ നിന്നും അതിൻെറ പ്രവർത്തനത്തിന് കൊടുക്കാമെന്ന് പറഞ്ഞിരിക്കുന്ന തുക കൊടുക്കാതിരിക്കുന്നത്

LIBRARY ARCHIVES Kerala Legislative Assembly

ശരിയല്ല, ഈ വസ്തുത കണക്കിലെടുത്തുകൊണ്ട് എത്രയുംവേഗം കെ. എസ്. ആർ. ടി. സി. ക്കും നാടിനും തൊഴിലാളികൾക്കും ഉപകാരപ്രദമാകുംവിധം ഗവൺമെൻറ് പണം നൽകുന്നതിന് തയ്യാറാകുമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ: എൻെറ ഓർമ്മ ശരിയാണെങ്കിൽ 1938-ൽ ആരംഭിച്ച ഒരു സ്ഥാപനമാണിത്. മൊത്തം 14 ഏക്കർ ഉണ്ട്. കെ. എസ്. ആർ. ടി. സി. ഏറെറടുത്തപ്പോൾ മൂകതയും ശ്മശാനതയും പോലുള്ള ഒരു അന്തരീക്ഷമാണവിടെയുണ്ടായിരുന്നത്. തൊഴിലാളികളെ വിളിച്ചുകൂട്ടുകയും അവരുടെ ശ്രമദാനത്തിൻെറ ഫലമായി വളരെ വൃത്തിയാക്കുവാനും കഴിഞ്ഞിട്ടുണ്ട്. അതിൻെറ ഫലമായിട്ടാണ് 150 ലക്ഷം രൂപ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ളത്. അത് വിപുലീകരിക്കുന്നതിനും തൊഴിലാളികളെ സംരക്ഷിക്കുന്നതിനും ആവശ്യമായ എല്ലാ നടപടികളും ഗവൺമെൻറിൻെറ ഭാഗത്തു നിന്നും ഉണ്ടാകും.

ശ്രീ. സി. കെ. ചക്രപാണി: അങ്ങ് ട്രാൻസ്പോർട്ട് വകുപ്പു് മന്ത്രിയായി ചാർജ്ജെടുത്തതിനുശേഷം ട്രാൻസ്പോർട്ടു വകുപ്പിൻെറ പെർഫോമൻസ് വളരെ നന്നായിട്ടുണ്ട്. അതിൻെറ ഭാഗമായി ട്രിവാൻഡ്രം റബ്ബർ വർക്സ് ഏറെറടുത്ത് തൊഴിലാളികളെ നന്നാക്കാൻ തുടങ്ങി. സഖാവ് ഭരതൻ അങ്ങയോട് ഒരു ചോദ്യം ചോദിച്ചു. ചില നിക്ഷിപ്ത താൽപ്പര്യക്കാരുടെ ശ്രമത്തിൻെറ ഫലമായി ഇപ്പോൾ ആ സ്ഥാപനം കുളംതോണ്ടാൻ ഒരു ശ്രമം നടത്തിവരുന്നുണ്ട്. ഇത് അങ്ങ് മനസ്സിലാക്കണം. എം. ആർ. എഫ്.കാർ ഇതിൻെറ പിന്നിൽ ചില ശ്രമങ്ങൾ നടത്തുന്നുണ്ട്. ഇത് അതിജീവിക്കുന്നതിനുവേണ്ടി എത്ര കൗണ്ടർ മെഷേർസ് ആണ് അങ്ങയുടെ പക്കലുള്ളതെന്ന് പറയാമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ: കുളം തോണ്ടുന്ന ഒരു പ്രവർത്തനമൊന്നും അവിടെ നടന്നിട്ടില്ല. കാലാകാലങ്ങളിലായി നഷ്ടം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾ ഇത് പുനരുദ്ധരിക്കുന്നതിനു വേണ്ടിയിട്ട് ജേർണൽ ലൂബ്രിക്കേറ്റിങ്ങ് പാഡ് റെയിൽവേ ഡിപ്പാർട്ടുമെൻറ് ആവശ്യപ്പെട്ടിട്ടുണ്ട്. 72,000 പീസ് സപ്ലൈ ചെയ്യുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. അങ്ങനെ ഇത് വളർത്തിയെടുക്കുന്നതിനുവേണ്ടിയിട്ടുള്ള എല്ലാ ഏർപ്പാടുകളും പടിപടിയായി നടക്കുന്നതാണ്.

"അഹമ്മദ് നഗർ സമ്പ്രദായം"

* 313 (372) ശ്രീ. കാനം രാജേന്ദ്രൻ :

,, കെ. ഇ. ഇസ്മയിൽ :

,, എ. കെ. ശശീന്ദ്രൻ :

,, വി. സി. കബീർ :

,, ടി. പി. പീതാംബരൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു് മന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) "അഹമ്മദ് നഗർ സമ്പ്രദായം" എന്ന പരിഷ്ക്കാരം എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) ഏതെല്ലാം ജില്ലാ കളക്ടറേറുകളിലാണ് അഹമ്മദനഗർ പരിഷ്ക്കാരം നടപ്പിലാക്കിയത് :

LIBRARY ARCHIVES Kerala Legislative Assembly